


# കലോത്സവവേദികളിൽ മിന്നുംതാരമായി അൻഷിക

■ ഗൗതം രാജീവ്

ഭരതനാട്യത്തിലെ മികച്ച പ്രകടനത്തിന് ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഒമ്പതാം വയസ്സിൽത്തന്നെ സ്ഥാനം പിടിക്കാൻ സാധിച്ച അൻഷിക കൊട്ടാരക്കര എം.ജി.എം. സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർഥിനിയാണ്.





നാലാം വയസ്സുതൊട്ട് നൃത്തം അഭ്യസിക്കുന്ന ഈ മിടുക്കി ഇതിനോടകം നിരവധി വേദികളിൽ നൃത്തം അവതരിപ്പിക്കുകയും പുരസ്കാരങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

ഓട്ടൻതുള്ളലിലും മികവു തെളിയിക്കാൻ അൻഷികയ്ക്കു സാധിച്ചിട്ടുണ്ട്.

മോണോ ആക്ടിൽ തുടർച്ചയായി മൂന്നു തവണ കൊല്ലം ഡിസ്ട്രിക്ട് സഹോദയ കലോത്സവത്തിൽ ഒന്നാം സ്ഥാനം അൻഷിക നേടിയിട്ടുണ്ട്.

സി.ബി.എസ്.സി. സ്റ്റേറ്റ് കലോത്സവത്തിലും തുടർച്ചയായി മൂന്നു തവണ എ ഗ്രേഡ് നേടാൻ അൻഷികയ്ക്കു കഴിഞ്ഞു.

ലൈബ്രറി കലോത്സവത്തിലും ബാലജനസഖ്യം കൊല്ലം ജില്ലാ കലോത്സവത്തിലും മോണോ ആക്ടിലെ വിജയിയും അൻഷികതന്നെയാണ്.

കൂടാതെ, കൊല്ലം ഡിസ്ട്രിക്ട് സഹോദയ കലോത്സവത്തിൽ ഇംഗ്ലീഷ്, ഹിന്ദി പദ്യപാരായണമത്സരങ്ങളിലും വിജയിയാണ് അൻഷിക.

മലയാള മനോരമ ബാലജനസഖ്യം കൊല്ലം ഡിസ്ട്രിക്ട് സർഗോത്സവത്തിൽ ആങ്കറിങ്, സ്റ്റാൻഡ് അപ്പ് കോമഡി എന്നിവയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ അൻഷിക, ഈ വർഷത്തെ കലാതിലകമായി എന്നുമാത്രമല്ല, ബെസ്റ്റ് പെർഫോർമർ അവാർഡും ട്രോഫിയും നേടുകയും ചെയ്തു.

മോഡലിങ്ങിലും അൻഷിക കഴിവു തെളിയിച്ചിട്ടുണ്ട്. ടാലന്റ് ഷോയിൽ കൊല്ലം ഡിസ്ട്രിക്ടിലെ വിജയികൂടിയാണ് ഈ കൊച്ചുമിടുക്കി.

മോഡലിങ്ങിൽ വിവിധ ഷോകൾ കൂടാതെ ആങ്കറായും അൻഷിക പെർഫോം ചെയ്യുന്നുണ്ട്. പഠനത്തോടൊപ്പം കലയും മുമ്പോട്ടു കൊണ്ടുപോകാനാണ് അൻഷികയുടെ ആഗ്രഹം.

നൃത്തത്തിൽ അൻഷികയുടെ ഗുരുക്കന്മാർ ശ്രീമതി രാജമ്മ ടീച്ചർ, കൊട്ടാരക്കര കലാക്ഷേത്ര ദീപ ഡൗസൻ, സൂരജ് കലാക്ഷേത്ര, ആർ.എൽ.വി ശ്യാമ, ആർ.എൽ.വി വൃന്ദ എന്നിവരാണ്.

കലാമണ്ഡലം വിഷ്ണു അനു ഓട്ടൻതുള്ളലിലും ശ്രീമതി മാളു കൃഷ്ണ കൊട്ടാരക്കര മോണോ ആക്ടിലും അനുഷികയുടെ ഗുരുക്കന്മാരാണ്. ഷില്ലോങ് ആർമി പബ്ലിക് സ്കൂൾ അധ്യാപകനായ സന്തോഷ് കുമാറിന്റെയും, കൊട്ടാരക്കര നവോദയ സ്കൂൾ ജീവനക്കാരിയായ ആശയുടെയും മകളാണ് അൻഷിക. സഹോദരൻ ആകാശ് പന്ത്രണ്ടാം ക്ലാസ് വിദ്യാർഥിയാണ്. കോട്ടയം ജില്ലയിലെ ഞീഴൂരാണ് സ്വദേശം.

# നോവൽശില്പവുമായി ഒരു കൊച്ചുമിടുക്കൻ




അക്ഷരങ്ങളുടെ ലോകത്ത് നിറസാന്നിധ്യമായിരിക്കുകയാണ് ലൂക്കാസ് ടോണി എന്ന കൊച്ചുമിടുക്കൻ. ചരിത്രാഖ്യായികകളാണ് ടോണിയുടെ എഴുത്തുമേഖലയെ പ്രചോദിപ്പിക്കുന്നത്.

തോമസ് എന്ന കുട്ടിയുടെ അതിസാഹസികകഥകളടങ്ങിയ സ്റ്റോൺ ലെജൻഡ്സ് എന്ന പുസ്തകമാണ് ലൂക്കാസ് ഈയിടെ പുറത്തിറക്കിയത്. മാർക്ക്ട്വയ്ൻ കഥാപാത്രങ്ങളായ ടോം സോയർ, ഹക്ക്ൾ ബെറിഫിൻ മുതലായവരെ ഓർമിപ്പിക്കുന്ന തരത്തിലുള്ളതാണ് ലൂക്കാസ് അവതരിപ്പിക്കുന്ന തോമസ് എന്ന കഥാപാത്രം. തോമസിനു ലഭിച്ച അദ്ഭുതശക്തിയുള്ളതും ലോകത്തെ കീഴ്മേൽ മറിക്കാൻ സാധ്യതയുള്ളതുമായ ഒരു അദ്ഭുതക്കല്ല് ഈ പുസ്തകത്തിലെ ഒരു കഥാപാത്രമാണ്. ക്രൂരനും ദുഷ്ടനുമായ ഭരണാധികാരിയുടെ കൈയിൽ ഈ കല്ല് എത്തിപ്പെടാതിരിക്കാൻ ആ ബാലൻ നടത്തുന്ന അതിസാഹസികമായ ശ്രമങ്ങളാണ് 'സ്റ്റോൺ ലെജൻഡ്സ് – ദ ടൈം സ്റ്റോൺ' എന്ന നോവലെറ്റിലെ കേന്ദ്രപ്രമേയം.

ഹിസ്റ്റോറിക്കൽ ഫിക്ഷൻ വിഭാഗത്തിൽപ്പെടുന്ന പുസ്തകങ്ങളോടാണ് ലൂക്കാസിനു കൂടുതൽ താത്പര്യം.

പാലായിൽ കിഴക്കേൽ കുടുംബമാണ് ലൂക്കാസ് ടോണിയുടേത്. സിങ്കപ്പൂരിൽ ഐടി മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ടോണിയുടെയും നിഷയുടെയും രണ്ടുമക്കളിൽ മൂത്തയാളാണ് ലൂക്കാസ്. സിങ്കപ്പൂർ ഗ്രീൻ ഡേയ്ൽ പ്രൈമറി സ്കൂളിൽ അഞ്ചാംക്ലാസ് വിദ്യാർഥിയായ ലൂക്കാസ്, പഠനത്തിലെന്നതുപോലെ സ്പോർട്സിലും സംഗീതത്തിലും ഒരുപോലെ മികവു പുലർത്തുന്നു.

രണ്ടാം ക്ലാസ് വിദ്യാർഥിനിയായ ലോറ ടോണിയാണ് ഏക സഹോദരി.





# വൻമരങ്ങൾ വിട ചൊല്ലുമ്പോൾ



**അനുപ്രിയ ജോജോ**
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

ചരിത്രത്തിൽ കുറിക്കപ്പെടാനും ചരിത്രം തിരുത്തിക്കുറിക്കാനും ചില മഹനീയസാന്നിധ്യങ്ങൾക്കുമാത്രമേ സാധ്യമാകൂ; ജീവിതത്തിന്റെ ആഴവും പരപ്പും കണ്ടറിഞ്ഞവർക്ക്... അനുഭവങ്ങളിൽനിന്നു വേരാർജിച്ചതും സമൂഹനന്മയിലേക്കു ശിഖരം നീട്ടിയതുമായ വന്മരങ്ങളുടെ വിടവാങ്ങലിനു നാം ഇന്നു സാക്ഷികളായിക്കൊണ്ടിരിക്കുന്നു. നീണ്ട പത്തുവർഷക്കാലം ഇന്ത്യയുടെ പ്രധാനമന്ത്രിപദം അലങ്കരിച്ച മൻമോഹൻസിങ്ങിന്റെയും, കൈരളിയുടെ കലാസാഹിത്യസാംസ്കാരികരംഗങ്ങളിൽ നവഭാവുകത്വം സൃഷ്ടിച്ച എം.ടി. വാസുദേവൻനായരുടെയും വിടവാങ്ങൽ ജനഹൃദയങ്ങളിൽ 'പെരുമഴയുടെ പിറ്റേന്നത്തെ' ശാന്തത അവശേഷിപ്പിച്ചിരിക്കുന്നു. ആദർശദൃഢതയുള്ള ഈ മഹാവൃക്ഷങ്ങളുടെ മൺമറയൽ നികത്താനാകാത്ത വിടവുകൾ സൃഷ്ടിച്ചിരിക്കുന്നു. ലോകത്തോടു പറയാനുള്ള ആദർശങ്ങൾ തങ്ങളുടെ ജീവിതത്തിൽ അവർ കുറിച്ചിട്ടു.

അധികാരവും പദവിയും ജനങ്ങളാൽ നൽകപ്പെട്ടതാണെന്നും ജനങ്ങൾക്കുവേണ്ടിയാണെന്നും തിരിച്ചറിഞ്ഞ് പത്തുവർഷക്കാലം ഇന്ത്യയെ നയിച്ച പ്രധാനമന്ത്രിയായിരുന്നു മൻമോഹൻസിങ്. സാമ്പത്തികശാസ്ത്രത്തിൽ താൻ നേടിയ വിജ്ഞാനത്തെ ആധുനിക ഇന്ത്യയുടെ വളർച്ചയ്ക്കുപകരിക്കുംവിധം പ്രയുക്തമാക്കാൻ മൻമോഹൻസിങ്ങിനു കഴിഞ്ഞു. ആഗോളവത്കരണവും ഉദാരവത്കരണവുംവഴി ഇന്ത്യയെ ലോകത്തിനു തുറന്നുകൊടുക്കാനും ഒപ്പം, ഗ്രാമീണജീവിതങ്ങളിലേക്കു കൺതുറന്ന് അവരെ പുരോഗതിയിലേക്കു നയിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. വിദ്യാഭ്യാസ - വിവരാവകാശനിയമങ്ങളും സാമൂഹികക്ഷേമപ്രവർത്തനങ്ങളും ഉൾപ്പെടെ ഇന്ത്യയുടെ സാമ്പത്തികസാമൂഹികവികസനത്തെ നിർണയിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് അതുല്യമാണ്.

നവോത്ഥാനാനന്തര കേരളമാണ് എം.ടി.യുടെ ജീവിതപശ്ചാത്തലം. നായർതറവാടുകളുടെ നാലുകെട്ടിനുള്ളിലെ ദൈന്യതയും വ്യക്തിമനസ്സിന്റെ സംഭ്രമങ്ങളും ജീവിതാനുഭവങ്ങളുടെ ചൂടും ചൂരും പകർന്ന് എം.ടി. ആവിഷ്കരിച്ചു. കാലപ്പകർച്ചകൾക്കു കാതോർക്കാനും കലാവിഷ്കാരം നൽകാനും അദ്ദേഹത്തിനു കഴിഞ്ഞു. താൻ ജീവിച്ച കാലഘട്ടത്തെ രേഖപ്പെടുത്തിക്കൊണ്ട് സാഹിത്യത്തിലും സിനിമയിലും നാഴികക്കല്ലായി മാറാൻ അദ്ദേഹത്തിന്റെ രചനകൾക്കു കഴിഞ്ഞു. മാതൃഭാഷയെയും സംസ്കാരത്തെയും സമാദരിച്ച മനീഷിയായിരുന്നു എം.ടി. അദ്ദേഹം തന്റെ രചനകളിൽ ചാർത്തിയ ജീവിതപരിസരം പലപ്പോഴും കേരളസംസ്കാരത്തിന്റെ ശേഷിപ്പുകൾതന്നെയായി മാറി. 'എന്റെ ഭാഷ എന്റെ വീടാണ് എന്റെ ആകാശമാണ്' എന്നിങ്ങനെ മാതൃഭാഷാദിനപ്രതിജ്ഞയിലൂടെ കോറിയിട്ട അദ്ദേഹം, ഭാഷയാണ് സംസ്കൃതിയുടെ ഈറ്റില്ലമെന്ന് തലമുറകളോടു പ്രതിവചിച്ചു. ഇന്നലെയുടെയും നാളെയുടെയും വിടവിലൂടെ കാവ്യശില്പങ്ങൾ തീർത്ത ഈ പെരുന്തച്ചന്റെ വാക്കുകൾക്കു മലയാളി കാതോർത്തു. കാലഘട്ടത്തോടുള്ള പ്രതികരണം എം.ടിയുടെ സാഹിത്യരചനകളിലും ജീവിതയാത്രയിലും സജീവമായുണ്ട്. കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ വേദിയിൽ സമകാലികരാഷ്ട്രീയത്തിന്റെ ജീർണതയ്ക്കെതിരേ പ്രതികരിക്കാനും അധികാരം സ്വേച്ഛാധിപത്യത്തിലേക്കു വഴുതിമാറുന്നതിനെ വിമർശിക്കാനും ധൈര്യപ്പെട്ട എം.ടി.യിൽ നട്ടെല്ലുള്ള ക്രാന്തദർശിയെ കാണാം.

കരുത്തും കാതലുമില്ലാത്ത, ആഴങ്ങളിലേക്കു വേരുറപ്പില്ലാത്ത, വൃക്ഷങ്ങളുടെ കാലമാണ് നാം അഭിമുഖീകരിക്കുന്നത്. ഡോക്ടർ മൻമോഹൻസിങ്ങിന്റെയും എം.ടി.യുടെയും നിലപാടുതറകളുടെ ദൃഢതയെയാണ് പുതുയുഗം മാതൃകയാക്കേണ്ടത്. മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി നിന്നുകൊണ്ട് സമൂഹത്തിന്റെ അഭ്യുന്നതി ലക്ഷ്യമാക്കി പ്രവർത്തിക്കാനും മാനവികതയ്ക്കായി വാദിക്കാനും കരുത്തും കാമ്പുമുള്ള മഹനീയാദർശങ്ങൾ ഇനി ഉണ്ടാകുമോ? 'മഞ്ഞുകാല'ത്തിന്റെ മരവിപ്പുമാറുമെന്നു തന്നെ പ്രതീക്ഷിക്കാം. ഡോക്ടർ മൻമോഹൻസിങ്ങിന്റെയും എം.ടി. വാസുദേവൻ നായരുടെയും സ്മരണകൾക്കുമുന്നിൽ ആദരവോടെ പ്രണാമം! ■

കവിത

## പരാതിയില്ലാതെ പരിഭവമില്ലാതെ



**പാർവണേന്ദു പി.**
പ്ലസ് വൺ ഹ്യുമാനിറ്റിസ്
പള്ളിക്കൂടം സ്കൂൾ,
വടവാതൂർ, കോട്ടയം



പരാതിയില്ലാതെ, പരിഭവമില്ലാതെ
വികാരമില്ലാ മരപ്പാവപോൽ
അവൾ മരവിച്ച മനസ്സുമായ് വാണു.
കൂട്ടിനുള്ളവൻ തകർത്ത മനസ്സിനെ
കൂടെയുള്ളവർക്കായ് അടക്കി
വിതുമ്പി മടുത്ത കണ്ണുകൾ,
അവർക്കായ് കറുത്ത നുണകളാൽ മിനുക്കി.
കെട്ടുപിണഞ്ഞ് പിരിഞ്ഞ കാർകൂന്തൽ
ഒരു ദുഃഖമന്ദഹാസത്തോടെ ഒതുക്കി.
സ്വപ്നങ്ങൾ തൻ ശവക്കോട്ടയാം തന്നെ
കുറ്റബോധത്തോടെ ഒന്നുനോക്കി,
അന്ത്യാഞ്ജലിക്കെന്നപോൽ നെറ്റിയിൽ
ഒരു രക്തരേഖ വരച്ചു
പ്രതീക്ഷയറ്റൊരു തടവുകാരിയെപ്പോൽ,
ആ പൊന്നിൻ കൊലക്കയർ കെട്ടി,
പരാതിയില്ലാതെ പരിഭവമില്ലാതെ,
മൂകയായ് അവൾ കഴിഞ്ഞു.



കവിത

## അമ്മ



**വൈഗ എം.**
പ്ലസ് വൺ
പ്ലാസിഡ് വിദ്യാവിഹാർ സീനിയർ
സെക്കൻഡറി സ്കൂൾ
ചങ്ങനാശ്ശേരി, കോട്ടയം

ആദ്യാക്ഷരം കുറിച്ച നാളിനുമുമ്പേ ഉച്ചരിച്ച വാക്ക്, അമ്മ...

അക്ഷരത്തെളിവിളക്കുകാട്ടിയെന്നക്ഷികൾക്കു നിറമേകി..
ഈ പ്രപഞ്ചത്തിലേക്ക് എന്റെ വരവിനായി ആർത്തുല്ലസിച്ചു
സന്തോഷിച്ചവൾ...

എല്ലാവരും അഭിനന്ദിച്ചപ്പോഴും വിജയത്തിൽ
അഹങ്കാരത്തിനല്ല; മറിച്ച്, അനുകമ്പയ്ക്കാണു സ്ഥാനമെന്നു
പഠിപ്പിച്ചവൾ...

തെറ്റുകളിൽ ശകാരിച്ചും ശരിയിലേക്കുള്ള പാത
ചൂണ്ടിക്കാട്ടിയും എന്റെ ആദ്യാധ്യാപിക...

വിടവാങ്ങലുകളിൽ എനിക്കായി കണ്ണുനീർ പൊഴിച്ചവൾ...
ലോകത്തു തനിച്ചല്ല എന്ന ആശ്വാസമേകിയവൾ... അമ്മ...



**ഇനിയ എ.**
പ്ലസ് വൺ
ബേക്കർ മെമ്മോറിയൽ
ഹൈസ്കൂൾ, കോട്ടയം

എന്റെ വര





# വ്ളോഗേഴ്സ് വേയ്



**റോസ്മെറിൻ ജോജോ**
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

സൂര്യകിരണങ്ങളെത്തും മുമ്പേ കുന്ന് കടന്നുകഴിഞ്ഞിരിക്കുന്നു. തിരികെയെത്താനായാൽ കണ്ടേക്കണേ എന്ന പ്രാർഥനയോടെ വിടപറയുമ്പോൾ ഏതൊക്കെയോ അങ്കലാപ്പുകൾ ഉള്ളിലെ മുറുകെക്കെട്ടിയ വലകളിൽനിന്നു പുറത്തു ചാടുന്നതറിഞ്ഞു. മണിക്കൂറുകൾകൊണ്ട് എങ്ങും മറഞ്ഞുകളയരുതെന്ന് കുന്നുകളോട് ഈ അല്പപ്രാണി വിലപിച്ചിട്ടെന്തുകാര്യം? കാടിനുള്ളിലേക്കു കടക്കുമ്പോൾ മറ്റെല്ലാം മറക്കേണ്ടിയിരിക്കുന്നു. നീരൊഴുക്കിൽ മേലാകെ കുളിർക്കണം. പച്ചയുടെ, പഴുത്തതിന്റെ, ഉണക്കിന്റെ നിറങ്ങൾകൊണ്ട് കൺതുടിക്കണം. പതിഞ്ഞതും കൂർത്തതുമായ ശബ്ദങ്ങളും, കലർന്നതും പകർന്നതുമായ രുചികളും അറിയണം.

ഏറെ ആഗ്രഹിച്ചതാണ് ഒരു ഇത്തിരിക്കുഞ്ഞനെ കാണാനുള്ള ഈ യാത്ര. മുമ്പു നടത്തിയിട്ടുള്ള യാത്രകളിൽ ക്യാമറയും ഗൈഡുമാണ് ഒപ്പമുണ്ടായിരുന്നതെങ്കിൽ, ഇത്തവണ ആ സ്ഥാനങ്ങൾ ഓർമകളും സ്വപ്നങ്ങളും പങ്കിട്ടെടുത്തു. 'വ്ളോഗേഴ്സ് വേയ്' എന്ന ബോർഡിനു മുന്നിൽ നിന്ന് എന്നെ സ്വതന്ത്രനായി വിട്ട ഗൈഡിന് കാട്ടിലെ പുതിയ അതിഥിയെപ്പറ്റി വർണിക്കുന്നതിലായിരുന്നു ഉത്സാഹം. കുറവരും കാനവരും വേടരും മാത്രമല്ല, കാടിന്റെ ശുദ്ധതയിൽ പ്രാണവായു സ്വീകരിക്കുന്ന മനുഷ്യർ വേറേയുമുണ്ട്. വിരളമാണെങ്കിലും അക്കൂട്ടത്തിലൊരാളാണ് കാടെന്ന വാക്കിൽ ഒരു ഭൂഗോളം ഒളിപ്പിക്കുന്ന ഈ പെൺകുട്ടിയും. ഇളംതവിട്ടുനിറത്തിൽ കുറുകെയുള്ള കറുത്തവരകൾ തെളിഞ്ഞുകഴിഞ്ഞിട്ടില്ലാത്ത കടുവക്കുഞ്ഞിനെ ഒറ്റയ്ക്കു കാണണമെന്ന വാശിയില്ലായിരുന്നെങ്കിൽ ഈ യാത്രയിൽ അവളുടെ കാടറിവുകൾ മതിയാവോളം കേൾക്കാമായിരുന്നു. "കേരളം കടുവാസംരക്ഷണത്തിൽ മുൻപന്തിയിലൊക്കെയാണ്. പക്ഷേ, മനുഷ്യരുടെ കാര്യത്തിൽ ഇവിടാർക്കും അങ്ങനെ ഉറപ്പൊന്നുമില്ലാട്ടോ." മനസ്സിലായല്ലോ എന്ന് മുനയുള്ളൊരു നോട്ടം.

പൂർവസൂരികൾ കടന്നുപോയ വഴികളൊന്നും പതിവുപോലെ ഇന്നും സ്വീകരിച്ചിട്ടില്ല. സ്വന്തമായി വഴി കണ്ടെത്തുമ്പോൾ പുതുനാമ്പുകളെ ചവിട്ടടികളിൽനിന്ന് ഒഴിവാക്കാൻ പണിപ്പെടാറുണ്ട്. നാളെ മറ്റൊരാളാൽ മണ്ണിൽ അമർത്തപ്പെടുന്നതുവരെയെങ്കിലും അവർ ജീവിച്ചിരിക്കട്ടെ. മുമ്പിലുള്ള നീണ്ട തടയണയിൽ സന്ദർശർക്കു സൗകര്യാർഥം ഒരുക്കിയിരിക്കുന്ന വ്യൂപോയിന്റ് ഞാൻ തേടിവന്ന കാഴ്ചയെ മറയ്ക്കുകയേയുള്ളൂ. രണ്ടാൾപ്പൊക്കമുള്ള ചില്ലയിലിരുന്നു ശ്രദ്ധയാകർഷിക്കാൻ ശ്രമിക്കുന്ന പക്ഷിയുടെ സ്വസ്ഥതയിലേക്കു കടന്നുചെല്ലണോ എന്നു സംശയിച്ചെങ്കിലും അതായിരിക്കാം കാത്തിരിക്കുന്ന കാഴ്ചയിലേക്കുള്ള എന്റെ കവാടമെന്ന ചോദനയാൽ മുന്നോട്ടുനീങ്ങുകയാണുണ്ടായത്. മഞ്ഞച്ചിറകിന്റെ അരികിൽ നീണ്ടുപരന്നു കാണാം നീലിമ.

ഗഗനചാരീ... നിനക്കു നന്ദി, ഈ സ്വപ്നസ്ഥലിയിലേക്കു നയിച്ചതിന്. മൃതപ്രായരായി കൊഴിഞ്ഞുവീണ ഇലകൾ ഞെരിഞ്ഞമരുന്ന രോദനങ്ങൾ രാജകീയമായ ഒരു വരവിന്റെ മുന്നോടിയാണ്. വൈകാതെ അവർ പ്രത്യക്ഷപ്പെട്ടു. കുഞ്ഞിനെ കോർത്തെടുത്ത പല്ലുകളിൽ ചോരക്കറ പുരണ്ടിരുന്നു. ആ ചോരപ്പാടുകളിലോ അന്തരീക്ഷത്തിന്റെ ഭീകരതയിലോ ഉള്ള എന്തോ ഒന്ന് ഇത്തിരിക്കുഞ്ഞനോടുള്ള എന്റെ വാത്സല്യത്തെ മറച്ചുകഴിഞ്ഞിരുന്നു. കടുവക്കുഞ്ഞിനെ കണ്ണുകളിൽ പകർത്തിവച്ച നേരംകൊണ്ട് പുതിയൊരതിഥി ആ അമ്മയ്ക്കു പിന്നിൽവന്ന് ഒതുങ്ങിനിന്നു. കണ്ണുതുറന്നെടുക്കുന്നതേയുള്ളൂ ആ മാൻകുട്ടി. അതിന്റെ മേലിൽനിന്ന് അവശേഷിച്ച ചോരപ്പാടുകൾ തുടച്ചുനീക്കിക്കൊണ്ട് ആ അമ്മ, മനുഷ്യൻ കെട്ടിപ്പടുത്ത ഭീകരതകളെ കഴുകി ഭൂമിയെത്തന്നെയും വൃത്തിയാക്കുന്നു. ഏതൊരു ക്യാമറക്കണ്ണുകൾക്കും അതിന്റെ മുഴുവൻ സ്വാഭാവികതയോടെ പകർത്താനായേക്കില്ല. ഇരുട്ടുപരക്കുന്നതുവരെ ആ കാഴ്ചയിൽ മുഴുകിനിന്നു. അമ്മയും മക്കളും ഉള്ളിലേക്കു മറഞ്ഞതോടെ തിരികെ നടത്തം. വഴിമാറിനടക്കുന്നവർക്കു ലഭ്യമായേക്കാവുന്ന ഇത്തരം സുകൃതങ്ങൾ ഒളിപ്പിച്ച കാടിനു പ്രണാമം! ■

---

കവിത

# തോറ്റവരുടെ ലോകം



**അംഗിത അനിൽകുമാർ**
എം.എ. ഇംഗ്ലീഷ്
ഇന്ദിരാഗാന്ധി
നാഷണൽ
ഓപ്പൺ
യൂണിവേഴ്സിറ്റി

തോറ്റവരുടെ ലോകമുണ്ടെങ്കിലവിടെ
ഞാനാവും രാജാവ്.
സംശയമേതുമില്ലാതെ ചൊല്ലുമത്
സത്യമാണത്,
ജീവന്റെ തുറന്നുപറച്ചിലാണത്...
തോറ്റുപോയതെന്തേ ഞാൻ...
തോല്പിച്ചതെന്തിനെന്നെ
എന്തിനീ ചതികൊണ്ടു
വലിഞ്ഞുമുറുക്കിയെന്നെ...
ചങ്ങലയിലകപ്പെട്ടു കുരുങ്ങിയെൻ
ഉടൽ വേദനിക്കുന്നകവും പുറവും...
വിശ്വസിക്കുന്നവരെല്ലാം കൊലയാളികളായി
മുഖം മാറി വരുന്ന യുഗത്തിൽ
വിശ്വാസമെന്ന വാക്കിനെന്തർഥം...
തോറ്റവരുടെ ലോകമിത്...
വഞ്ചിക്കപ്പെട്ടവരുടെ രോദനമത്
ഉയരുമ്പോൾ തകരുമോ സൗധങ്ങൾ...?
പിളരുമോ
തായ്‌വേരുകളുള്ള വൻവൃക്ഷങ്ങളായ
മനുഷ്യക്കൊലയാളികൾ?

---



**റെയ്ച്ചൽ ജോർജ്**
ബി.കോം. എൽ.എൽ.ബി.
കോ ഓപ്പറേറ്റീവ് സ്കൂൾ
ഓഫ് ലോ, തൊടുപുഴ

ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ സ്ത്രീയും പുരുഷനും പരസ്പരപൂരകങ്ങളാണ്. സ്വാതന്ത്ര്യവും അവകാശങ്ങളും ഇരുകൂട്ടർക്കും അർഹതപ്പെട്ടതുമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15 പ്രകാരം മതം, വംശം, ജാതി, ലിംഗം, ജനനസ്ഥലം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഏതൊരു പൗരനോടും രാജ്യം വിവേചനം കാണിക്കരുത് എന്ന് പറഞ്ഞുവയ്ക്കുന്നു. ഒപ്പം, ആർട്ടിക്കിൾ 15(3) ൽ സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം ഉറപ്പുവരുത്തണമെന്നും ഭരണഘടന കൂട്ടിച്ചേർക്കുന്നു.



# അന്തസ്സുയർത്താൻ സ്ത്രീയും പുരുഷനും

ഈ രണ്ട് ആർട്ടിക്കിളിനൊപ്പം UDHR (Universal Declaration of Human Rights) ൽ നൽകിയിരിക്കുന്ന വിവിധ വകുപ്പുകൾ കൂടി കൂട്ടിവായിക്കുമ്പോൾ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും മനുഷ്യനുവേണ്ടിയാണെന്നും യാതൊരുവിധ വിവേചനവും പാടുള്ളതല്ലായെന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കും.

സ്ത്രീക്കോ പുരുഷനോ അതിൽ ഒരു മേൽക്കോയ്മ അവകാശപ്പെടാനില്ല.

വേദിക് പിരീഡ്, ബ്രിട്ടീഷ് പീരിയഡ്, സ്വതന്ത്രേന്ത്യ എന്നിങ്ങനെ മൂന്നായി നമ്മുടെ രാജ്യത്തെ തിരിച്ച് സ്ത്രീകളുടെ രാജ്യത്തിലുള്ള സ്ഥാനത്തെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ, നമുക്കു മനസ്സിലാക്കാൻ സാധിക്കുന്ന വസ്തുത എന്തെന്നുവച്ചാൽ, സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകമായ ഒരു പരിഗണന ആവശ്യമാണെന്നതാണ്. എന്നാൽ, ഈ പരിഗണന ഒരിക്കലും പുരുഷന്മാരുടെ അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും അഭിമാനത്തെയും ചോദ്യം ചെയ്യാൻ പാടുള്ളതുമല്ല. വിദ്യാഭ്യാസവും വസ്ത്രസ്വാതന്ത്ര്യവും രാഷ്ട്രീയവും സാമൂഹികവുമായ ഉന്നമനവും സ്ത്രീകൾക്കു നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടം ഇന്ത്യയിൽ നിലനിന്നിരുന്നു.

സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിലും സമൂഹത്തിന്റെ മുൻനിരയിലേക്ക് അവരെ കൊണ്ടുവരുന്നതിലും വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിലും രാജ്യം വിജയിച്ചു എന്നു നമുക്കു മനസ്സിലാക്കാവുന്നതാണ്.

എന്നാൽ, ഇന്നും പലയിടങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും സ്ത്രീകൾക്കുനേരേയുള്ള അതിക്രമങ്ങൾ വർധിച്ചുവരുന്നു എന്നത് തീർത്തും വേദനാജനകമാണ്. അത്തരം അനുഭവങ്ങളിൽനിന്നു സ്ത്രീകളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് സ്ത്രീധനനിരോധനനിയമം (1961), ജോലിസ്ഥലത്ത് സ്ത്രീകൾക്കുനേരേയുള്ള ലൈംഗികാതിക്രമം (തടയൽ, നിരോധനം, പരിഹാരം) നിയമം 2013, ലൈംഗികാതിക്രമങ്ങളിൽനിന്ന് കുട്ടികൾക്കുള്ള സംരക്ഷണനിയമം(പോക്സോ ആക്ട്) 2012, ഗാർഹികപീഡനനിരോധനനിയമം (2005) മുതലായവ ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

ക്രിമിനൽ ലോയിൽ നടന്ന ഭേദഗതികൾ ലക്ഷ്യം വച്ചതും സ്ത്രീസുരക്ഷ ഉറപ്പുവരുത്തുക എന്നതാണ്. എന്നാൽ, ഈ നിയമങ്ങളെ ദുരുപയോഗം ചെയ്യുന്ന പല സംഭവികാസങ്ങളും നമ്മുടെ രാജ്യത്തു ദിനംപ്രതി നടമാടുന്നുവെന്ന വസ്തുത ഏറെ വേദനാജനകമാണ്.

സ്ത്രീയെപ്പോലെതന്നെ പുരുഷനും അഭിമാനവും അവകാശങ്ങളും ഉണ്ടെന്ന ഹൈക്കോടതിയുടെ ഉത്തരവ് നിയമം ദുരുപയോഗം ചെയ്യപ്പെടുന്നു എന്ന വസ്തുതയുടെ ഗൗരവം വ്യക്തമാക്കുന്നു. അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സ്ത്രീകൾക്കും പുരുഷന്മാർക്കും നിഷേധിക്കാൻ പാടുള്ളതല്ല. അവകാശങ്ങൾ നേടിയെടുക്കാനും ആഗ്രഹങ്ങൾ കൈപ്പിടിയിൽ ഒതുക്കാനും രാജ്യം കെട്ടിപ്പടുക്കുന്നതിൽ പങ്കാളിയാവാനും തുല്യ അവസരം നൽകണം. തർക്കങ്ങളും വൈരാഗ്യവും ഒടുവിൽ ചെന്നെത്തുന്നത് നിയമത്തിന്റെ ദുരുപയോഗത്തിലാകുമ്പോൾ നിയമനിർമാണത്തിന്റെ യഥാർഥലക്ഷ്യം നേടിയെടുക്കാനാവാതെ രാജ്യവും പൗരന്മാരും ഇരുട്ടിലാകുന്നു. സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്ന നിയമങ്ങളുടെ അർഥവും വ്യാപ്തിയും ഓരോ സ്ത്രീയും തിരിച്ചറിയണം. ഒപ്പം, സ്ത്രീകളെ ബഹുമാനിക്കാൻ പുരുഷന്മാരും; പുരുഷന്മാരെ ബഹുമാനിക്കാൻ സ്ത്രീകളും കടപ്പെട്ടിരിക്കുന്നു.

# വികാരങ്ങൾ ചൂഷണം ചെയ്യപ്പെടുമ്പോൾ



**ആൽബിൻ കൊട്ടാരം**
എം.എസ്‌സി. മാത്‌സ്
സെന്റ് തോമസ് കോളജ്
പാലാ

അസാധാരണമായ വൈകാരികഭാവങ്ങളിലൂടെ അനുവാചകരെ അമ്പരപ്പിക്കുന്ന മായാജാലമാണ് ക്രിയാത്മകതയുടെ നവീനമുഖം. യാഥാർഥ്യത്തെ സത്ത ചോരാതെ അവതരിപ്പിക്കാൻ പണിപ്പെടുന്നതിനെക്കാൾ അനായാസമാണ് അസാധാരണത്വം എന്നു പലരും തിരിച്ചറിഞ്ഞുതുടങ്ങി.



തിയേറ്ററുകളിൽ സൂപ്പർ ഹിറ്റായി ഓടിക്കൊണ്ടിരിക്കുന്ന മാർക്കോ എന്ന ചിത്രത്തെ ചുറ്റിപ്പറ്റി വയലൻസുമായി ബന്ധപ്പെട്ട ചില ചർച്ചകൾ ഉടലെടുക്കുകയുണ്ടായി. യഥാർഥത്തിൽ ഇന്നത്തെ ആസ്വാദനരീതികൾക്കു മാറ്റം സംഭവിച്ചോ എന്നതു പരിശോധിക്കേണ്ട ഒരു കാര്യമാണ്.

അമ്പലപ്പറമ്പുകളും പള്ളിമൈതാനങ്ങളും പിന്നിട്ടു നാടകവേദികളും കൊട്ടകകളുമെല്ലാം ആസ്വാദനത്തിന്റെ പുത്തൻ ഇടമായപ്പോൾ ക്ഷേത്രകലകളും നാടൻകലകളും മറ്റും പതിയെപ്പതിയെ അപ്രത്യക്ഷമാവുകയും പുതിയ ആസ്വാദകസമൂഹം രൂപംകൊള്ളുകയും ചെയ്തു.

വീണ്ടും പരിണാമവിധേയമായ ഈ കലകളുടെ ആസ്വാദനരീതികൾ സ്മാർട്ട്സ്ക്രീനിലും ബിഗ്സ്ക്രീനിലും പുതിയ വഴിത്തിരിവുകൾക്കു സാക്ഷിയാവുന്ന കാഴ്ചയാണ് ഇന്നുള്ളത്.

ഉള്ളിലുള്ള വികാരങ്ങളുടെ വേലിയേറ്റങ്ങൾ മുന്നിൽ അവതരിപ്പിക്കപ്പെടുമ്പോൾ സംതൃപ്തിയുടെ ലഹരിയിലേക്ക് ആസ്വാദകർ പതിക്കുന്നു.

അതിനാൽത്തന്നെ, സാമൂഹിക, സാമ്പത്തിക, ധാർമിക സദാചാരബോധങ്ങൾ തീർത്ത കെട്ടുപാടുകൾ പൊട്ടിച്ചെറിയാൻ ആസ്വാദകമനസ്സുകൾ ആഗ്രഹിക്കുന്നു.

അമിതമായ അളവിൽ വികാരത്തെ അടയാളപ്പെടുത്തുന്ന ഒരു രീതിയാണ് ഇതുവഴി കലാമേഖലയിൽ കച്ചവടമായിത്തീർന്നുകൊണ്ടിരിക്കുന്നത്. ശക്തമായ പ്രതികാരം, അമിതമായ ചിരി, കരച്ചിൽ, കാമം, ദേഷ്യം, വിഷാദം, ഭ്രാന്ത്, രക്തം, ക്രൗര്യം, പ്രണയം, ലൈംഗികത ഇവയെല്ലാം ഈ മേഖലകളിൽ അടിച്ചമർത്തപ്പെട്ട ആസ്വാദകവികാരങ്ങളെ ഇക്കിളിപ്പെടുത്തുകയും ഉദ്ദീപിപ്പിക്കുകയും പർവതീകരിക്കുകയും സംതൃപ്തിയുടെ മായികലോകത്ത് എത്തിക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി പാശ്ചാത്യസംസ്കാരത്തിൽ മുമ്പേതന്നെ സജീവമായിരുന്ന വയലൻസ്, ലൈംഗികത ഇവയെല്ലാം നമ്മുടെ നാട്ടിലും പ്രബലമാകുന്നു.

വരികളുടെ സാഹിത്യശുദ്ധിയെ ചൊല്ലിയും ഏറെ തർക്കങ്ങൾ നടക്കുന്നുണ്ട്. എന്നാൽ, അവിടെയും അസാധാരണമായ എന്തിനെങ്കിലുംവേണ്ടി ആഗ്രഹിക്കുന്ന ഒരു അനുവാചകഭൂരിപക്ഷം സാധാരണത്വത്തിന്റെ മടുപ്പിക്കുന്ന ആവർത്തനങ്ങളെ വെറുക്കുന്നു.

പത്തുനിമിഷംപോലും ശ്രദ്ധയുടെ പരിധിയില്ലാത്ത ഇൻസ്റ്റഗ്രാമിന്റെയും നിർമിതബുദ്ധിയുടെയും തലമുറയ്ക്ക് ഏറ്റവും കുറച്ചു സമയത്ത് കൂടുതൽ പ്രഹരത്തിലുള്ള കിക്കുകളാണ് ആവശ്യം. ബീറ്റാ ജനറേഷൻ വളർന്നുവരുമ്പോൾ ഈ അവസ്ഥകൾ കൂടുതൽ ഭീകരമായ അവസ്ഥാന്തരം പ്രാപിക്കുമെന്നു തീർച്ച.

ഈ സാഹചര്യങ്ങളുടെ നടുവിൽ നമ്മുടെ കുട്ടികളും യുവജനങ്ങളും അസ്തിത്വം മറക്കുന്നവരായി മാറാൻ ഇതു കാരണമാകും. യാഥാർഥ്യബോധവും ധാർമികപക്വതയും നഷ്ടപ്പെടുന്ന വലിയ അപകടം ഇതിൽ പതിയിരിപ്പുണ്ട്. വലിയ ജാഗ്രത ഇതിൽ ആവശ്യമാണ്. കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതുമല്ല; അതിനുമപ്പുറത്ത് ജീവിതത്തിന്റെ യാഥാർഥ്യവും നന്മയും മാനുഷികമൂല്യങ്ങളും ആത്മീയഭാവങ്ങളും നമ്മുടെ കുട്ടികൾക്കു പകർന്നുകൊടുക്കാൻ നമുക്കു കഴിയണം.

കണ്ണിനു കൗതുകകരമായ ആ വിലക്കപ്പെട്ട കനി കാട്ടി ഇനിയും ആ പുരാതനസർപ്പം പഴയ ചോദ്യം ആവർത്തിക്കുന്നു: 'ഒന്നും തിന്നരുത് എന്നു പറഞ്ഞിട്ടുണ്ടോ? ഒന്നു തിന്നു നോക്കൂ...'

## ഭരണഘടന ക്വിസ് – ശരിയുത്തരങ്ങൾ
### പ്രതിഭ – 2024 ഡിസംബർ (ലക്കം 40)

**വിജയി**



**ടോബിൻ ജെ. പുതുമന**
കിഴതടിയൂർ പി.ഒ. പാലാ
ക്ലാസ് X
അൽഫോൻസ റെസിഡൻഷ്യൽ സ്കൂൾ
ഭരണങ്ങാനം

1. 1949 നവംബർ 26
2. 1950 ജനുവരി 26
3. 1976 ൽ അടിയന്തരാവസ്ഥക്കാലത്ത് 42–ാം ഭേദഗതിപ്രകാരം
4. 368
5. ജവർഹലാൽ നെഹ്റു
6. "നാം, ഇന്ത്യാക്കാരായ ജനം..."
7. 13
8. ആനിമസ്ക്രീൻ, അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ
9. ആർ. ശങ്കർ, പി.ടി. ചാക്കോ, കെ.എ. മുഹമ്മദ്
10. മലയാളത്തിൽ. 1974 സെപ്റ്റംബർ 28

# വെള്ളത്തിന്റെ വില



**ലിയോൺ സോയി**
ക്ലാസ് V
സെന്റ് ജോർജ് യു.പി. എസ്.
മൂലമറ്റം

പണ്ടു പണ്ട് ഒരു രാജ്യത്ത് ഒരു രാജാവുണ്ടായിരുന്നു. വളരെ സമ്പത്തും സൈന്യങ്ങളുമുള്ള രാജാവായിരുന്നു അദ്ദേഹം. എന്നാൽ. അദ്ദേഹം ആരെയും വകവയ്ക്കുകയില്ലായിരുന്നു.

ഒരിക്കൽ ആ രാജ്യത്ത് ഒരു വർഷത്തോളം മഴ പെയ്തില്ല. ജലക്ഷാമമുണ്ടായി. അപ്പോൾ മന്ത്രി രാജാവിനോടു പറഞ്ഞു: "മഹാരാജാവേ, രാജ്യത്ത് വലിയ ജലക്ഷാമം വരാൻ പോകുന്നു. അതുകൊണ്ട് വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കാൻ പ്രജകളോട് ഉത്തരവിടണം." എന്നാൽ, രാജാവ് അതു കേട്ടില്ല.

ദിവസം കഴിയുന്തോറും രാജ്യത്തെ ജലക്ഷാമം കൂടിക്കൂടി വന്നു. ജനങ്ങൾ രാജാവിന്റെ അടുക്കൽ പരാതിയുമായി വന്നു. എന്നാൽ, രാജാവ് അവർക്കുവേണ്ടി ഒന്നും ചെയ്തില്ല. അങ്ങനെയിരിക്കേ, രാജാവ് അടുത്ത ഗ്രാമത്തിലേക്കു യാത്രപോയി. യാത്ര ചെയ്ത് വളരെ ദൂരം ചെന്നപ്പോൾ രാജാവിനു ദാഹിക്കാൻ തുടങ്ങി. രാജാവ് അവിടെയെല്ലാം അന്വേഷിച്ചെങ്കിലും കുടിവെള്ളം കിട്ടിയില്ല.



രാജാവ് പിന്നെയും കുറെ ദൂരംകൂടി മുന്നോട്ടു പോയി. ദാഹം കൂടിക്കൂടിവന്നു. വെള്ളം കിട്ടാതെ വലഞ്ഞു. അവശനായ രാജാവ് കുറച്ചകലെയായി നിറയെ വെള്ളമുള്ള ഒരു കിണർ കണ്ടു. രാജാവ് വളരെ സന്തോഷത്തോടെ വെള്ളം കുടിക്കാനായി കിണറിന്റെ അടുത്തുചെന്നു. വെള്ളം കോരാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് കിണറ്റിലെ വെള്ളം താഴ്ന്നുപോയി. രാജാവ് കിണറ്റിലേക്ക് കുറച്ചുകൂടി ഇറങ്ങി വെള്ളം കോരാൻ ശ്രമിച്ചു. അപ്പോൾ വെള്ളം കുറെക്കൂടി താഴ്ന്നു. രാജാവ് വെള്ളം കുടിക്കാൻ സാധിക്കാതെ അവശനായി.

അപ്പോൾ രാജാവ് ദയനീയസ്വരത്തിൽ കിണറിനോടു ചോദിച്ചു: "കിണറേ, എനിക്കു കുടിക്കാൻ അല്പം വെള്ളം തരുമോ, എന്റെ വിലയേറിയ രത്നമാല നിനക്കു തരാം."

കിണർ പറഞ്ഞു: "അല്ലയോ മഹാരാജാവേ, എന്റെ വെള്ളത്തിന് അതിനേക്കാൾ വിലയുണ്ട്."

"എന്നാൽ, എന്റെ സർവസ്വത്തും തരാം അല്പം വെള്ളം തരാമോ?" എന്നു രാജാവു ചോദിച്ചു. കിണർ മറുപടി പറഞ്ഞു: "എന്റെ വെള്ളത്തിന് അതിനെക്കാൾ ഏറെ വിലയുണ്ട്."

രാജാവ് പിന്നെയും പറഞ്ഞു: "എന്റെ രാജ്യത്തിന്റെ പകുതി തരാം."

കിണർ പറഞ്ഞു: "എന്റെ വെള്ളത്തിന് അതിനെക്കാൾ വിലയുണ്ട്." അപ്പോൾ രാജാവ് കരഞ്ഞുകൊണ്ടു ചോദിച്ചു: "നിനക്ക് എന്തു ചെയ്താലാ നീ എനിക്കു വെള്ളം തരുന്നത്?" കിണർ പറഞ്ഞു: "മഹാരാജാവേ, അങ്ങ് ജലം ദുരുപയോഗം ചെയ്യാതിരിക്കുകയും അതിനു പ്രജകളെ ബോധവത്കരിക്കുകയും ചെയ്യണം. അങ്ങനെ ചെയ്യാമെന്ന് ഉറപ്പു പറഞ്ഞാൽ വെള്ളം തരാം." രാജാവ് മറുപടി പറഞ്ഞു: "ഞാൻ അങ്ങനെ ചെയ്തുകൊള്ളാം."

പെട്ടെന്ന് കിണറിലെ വെള്ളം ഉയർന്നുവന്നു. രാജാവ് വെള്ളം ആവശ്യത്തിനു കുടിച്ചു. രാജാവ് കിണറിനോടു നന്ദി പറഞ്ഞിട്ട് സന്തോഷത്തോടെ തിരിച്ചുപോയി. പിന്നീട് ഒരിക്കലും രാജാവ് ജലം ദുരുപയോഗം ചെയ്തിട്ടില്ല.

ഗുണപാഠം: ജലം അമൂല്യമാണ്; പാഴാക്കരുത്.